## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 308** **22-02-2022 - ൽ മറുപടിയ്ക്ക്**

## അതിയന്നൂർ പോങ്ങിലെ സപ്ലൈകോ മാർക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ ആരംഭിക്കുന്ന സപ്ലൈകോ മാർക്കറ്റിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് 11/11/2021 ന് അനുമതി നൽകിയിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് സർക്കാർ ഉത്തരവ് നമ്പർ 386/2019/ തസ്വഭവ തീയതി 22/02/2019 ലെ നിബന്ധനകൾ പ്രകാരം പ്രസ്തുത പഞ്ചായത്ത് ചുരുങ്ങിയത് 700 ച.അടി കെട്ടിട സൗകര്യം 5 വർഷം വാടക രഹിതമായി കണ്ടെത്തി ലഭ്യമാക്കേണ്ടതും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപ അനുവദിക്കേണ്ടതുമുണ്ട്. അത് പ്രകാരം 07/2/2022 ന് മാത്രമാണ് അതിയന്നൂർ പഞ്ചായത്ത് ഒരു ലക്ഷം രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ വിൽപ്പനശാലയ്ക്കനുസൃതമായ ഫർണിഷിംഗ് പ്രവർത്തികൾ നടത്തുന്നതിനായി അംഗീകൃത കരാറുകാർ സ്ഥലം പരിശോധിച്ച് അംഗീകൃത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അംഗീകരിച്ച് വർക്ക് ഓർഡർ നൽകി ഫർണിഷിംഗ് പ്രവർത്തികൾ പൂർത്തിയാക്കി വിൽപ്പനശാല സജ്ജമാക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | സപ്ലൈകോ മാർക്കറ്റ് ആരംഭിക്കുന്നതിനായി പൂർത്തികരിക്കേണ്ട നടപടിക്രമങ്ങൾ ഏന്തൊക്കെയെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും വിശദമാക്കാമോ? | (ബി) | നെയ്യാറ്റിൻകര അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് 11/11/2021 ന് അനുമതി നൽകിയിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് സർക്കാർ ഉത്തരവ് നമ്പർ 386/2019/ തസ്വഭവ തീയതി 22/02/2019 ലെ നിബന്ധനകൾ പ്രകാരം പ്രസ്തുത പഞ്ചായത്ത് ചുരുങ്ങിയത് 700 ച.അടി കെട്ടിട സൗകര്യം 5 വർഷം വാടക രഹിതമായി കണ്ടെത്തി ലഭ്യമാക്കേണ്ടതും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപ അനുവദിക്കേണ്ടതുമുണ്ട്. അത് പ്രകാരം 07/2/2022 ന് |

| | | | |
|---|---|---|---|
| | | | മാത്രമാണ് അതിയന്നൂർ പഞ്ചായത്ത് ഒരു ലക്ഷം രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ വിൽപ്പനശാലയ്ക്കനുസൃതമായ ഫർണിഷിംഗ് പ്രവർത്തികൾ നടത്തുന്നതിനായി അംഗീകൃത കരാറുകാർ സ്ഥലം പരിശോധിച്ച് അംഗീകൃത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അംഗീകരിച്ച് വർക്ക് ഓർഡർ നൽകി ഫർണിഷിംഗ് പ്രവർത്തികൾ പൂർത്തിയാക്കി വിൽപ്പനശാല സജ്ജമാക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ